# പതിമൂന്നാം കേരള നിയമസഭ

# (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3386 24/06/13-ൽ മറുപടിക്ക്

## സാഫ് കയർ അപ്പെക്സ് ഫെഡറേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ :<br>,, അൻവർ സാദത്ത് :<br>,, പി.എ . മാധവൻ :<br>,, എ.റ്റി . ജോർജ് : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) സാഫ് കയർ അപ്പെക്സ് ഫെഡറേഷൻ വനിതകൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സാഫ് മുഖേന നടപ്പിലാക്കിവരുന്ന തീരമൈത്രി പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിലെ സാഫ് അപ്പെക്സ് ഫെഡറേഷന്റെ പരിധിയിൽ വരുന്ന കയർ, കയറുല്പന്ന യൂണിറ്റുകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് സാമ്പത്തിക സഹായവും വിവിധ തലത്തിൽ ട്രെയിനിംഗുകളും നൽകി വരുന്നു |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കയർ, കയറുല്പന്ന മേഖലയിൽ പ്രവർത്തിച്ചു വരുന്ന യൂണിറ്റുകൾക്ക് സ്വന്തമായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് വരുമാനം ഉണ്ടാക്കുന്നതിനും അതുവഴി ഇവരുടെ ജീവിത നിലവാരം ഉയർത്തുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) കയർ, കയറുല്പന്ന മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് തൊഴിൽ മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തി പരിചയം ലഭ്യമാക്കുന്നതിന് ഗ്രൂപ്പുകൾക്ക് വിവിധ ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. കൂടാതെ കയർ മേഖലയിൽ പുതിയ തൊഴിൽ സംരംഭങ്ങളാരംഭിക്കുന്നതിന് വേണ്ട സാമ്പത്തിക സഹായവും നൽകി വരുന്നു. |
| (ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) സാഫ് അപ്പെക്സ് ഫെഡറേഷന്റെ പരിധിയിൽ വരുന്ന യൂണിറ്റുകൾക്ക് വിവിധ ഇനം ട്രെയിനിംഗുകൾ നല്കുകയും യന്ത്രസാമഗ്രികൾ പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും, കയർ, കയറുല്പന്നത്തിനായുള്ള അസംസ്കൃത സാധനങ്ങൾ എന്നിവ വാങ്ങിക്കുന്നതിന് പ്രവർത്തന മൂലധനം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ